**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് -കരവാരം ഗ്രാമ പഞ്ചായത്തിലെ നെല്ലുകുത്ത് കേന്ദ്രത്തിന് വൈദ്യുത ചാർജ് കുടിശ്ശിക തനതു ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.662/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **18/03/2020**

---

പരാമർശം:- കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സമർപ്പിച്ച 24/01/2020 ലെ കത്ത്

**<u>ഉത്തരവ്</u>**

കരവാരം ഗ്രാമപഞ്ചായത്തിൽ 15 വർഷം മുൻപ് ചാത്തമ്പറ മഹിമ അയൽക്കൂട്ടം മുഖേന വനിതകൾക്കായി സ്ഥാപിച്ച നെല്ലുകുത്തുന്നതിനും എണ്ണയാട്ടുന്നതിനുമുള്ള യന്ത്രങ്ങൾ സ്ഥാപിച്ചിരുന്നു എങ്കിലും പ്രവർത്തനം ആരംഭിക്കാതെ കിടന്നതുമൂലം വൈദ്യുതി കുടിശ്ശിക വരുകയും ആറ്റിങ്ങൽ എം.എൽ.എ ഇടപെട്ടു കെ.എസ്.ഇ.ബി യുമായി ചർച്ച നടത്തിയതിന്റെ ഫലമായി 62,000/- രൂപ അടച്ചാൽ വൈദ്യുതി പുനസ്ഥാപിക്കാമെന്ന് ധാരണയായിട്ടുണ്ട്. ആയതിനാൽ പ്രസ്തുത തുക കരവാരം പഞ്ചായത്തിൽ നിന്നും നൽകുന്നതിനുള്ള അനുമതിയാണ് കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരവാരം ഗ്രാമപഞ്ചായത്തിൽ ചാത്തമ്പറ മഹിമ അയൽക്കൂട്ടം മുഖേന വനിതകൾക്കായി സ്ഥാപിച്ച നെല്ല് കുത്ത് കേന്ദ്രത്തിലെ വൈദ്യുതി പുനസ്ഥാപിക്കുന്നതിന് കരവാരം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 62,000/- രൂപ (അറുപത്തി രണ്ടായിരം രൂപ) അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സജന് സി വി ഐ എ സ്**

**ഡെപ്യൂട്ടിസെക്രട്ടറി**

പ്രസിഡന്റ്,കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത്

പ്രസിഡന്റ്/ സെക്രട്ടറി, കരവാരം ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Validity unknown

Digitally signed by SMITHA B CHANDRA
Date: 2020.03.19 14:50:58 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്